പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1833 — 06.07.2015 ൽ മറുപടിക്ക്

## പൊതു യാത്രാസംവിധാനങ്ങളിൽ വച്ച് സ്ത്രീകൾക്ക നേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) രാജ്യത്ത് പൊതു യാത്രാസംവിധാനങ്ങളിലും, ഓട്ടോറിക്ഷകളിലും, ടാക്സി കാറുകളിലും സ്ത്രീകൾക്ക നേരെ അതിക്രമങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരം പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ യാത്ര സംവിധാനങ്ങളിൽ വച്ചുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(സി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് സുരക്ഷിതയാത്ര ഒരുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) യും (സി) യും സ്ത്രീ സുരക്ഷയ്ക്കായി വനിതാ സൌഹൃദ ഓട്ടോറിക്ഷ പദ്ധതിയും ഷീടാക്സി പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതോടൊപ്പം കർശന വാഹനപരിശോധന നടത്തിയും പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പരാതികൾ അറിയിക്കുവാൻ സോഷ്യൽ മീഡിയായുടെയും നവമാധ്യമങ്ങളുടെയും സേവനവും ഉപയോഗിച്ചുവരുന്നു. കൂടാതെ പ്രീപെയ്ഡ് ഓട്ടോ/ടാക്സി സംവിധാനം പ്രധാനപ്പെട്ടസ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് യാത്രാവേളകളിൽ പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്കായി പൊതുസ്ഥലങ്ങളിലും പൊതുയാത്രാ സംവിധാനങ്ങളിലും ടോൾ ഫ്രീ നമ്പരായ 100, 1090, 1099, 1091, 9646200100(Rail Alert), 9846100100 (Highway Alert) നിർഭയ നമ്പരായ 0471 2722002 എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും വനിതാ ഹെൽപ്പ് ലൈൻ, സ്മാർട്ട്ഫോൺ മുഖേന 24 മണിക്കൂറും പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്ക് ടെക്നോപാർക്കിലെ യു.എസ്. ടെക്നോളജി എന്ന കമ്പനിയുടെ സാങ്കേതിക സഹായത്തോടെ തിരുവനന്തപു സിറ്റി കൺട്രോൾ റൂമിൽ iSAFE എന്ന ഒരു |

സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ബസ് സ്റ്റാൻറ്, റെയിൽവേ സ്റ്റേഷൻ, തിരക്കേറിയ മറ്റ് പൊതു യാത്രാസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസ്/വനിതാ പോലീസ്/ഷാഡോ പോലീസ് എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്.

Rajani .M

സെക്ഷൻ ഓഫീസർ